**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **18.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2910**

**<u>പുതിയ മത്സ്യബന്ധനതുറമുഖങ്ങൾ</u>**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**" പി.ബി. അബ്ദുൽ റസ്സാക്ക്**<br>**" എം.ഉമ്മർ**<br>**ഡോ.എം. കെ. മുനീർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങളെ സംബന്ധിച്ച പഠനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, കാസർഗോഡ് ജില്ലയിലെ അജാനൂർ എന്നിവയാണ് പുതുതായി ഉടൻ ആരംഭിക്കാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ. ഇതിൽ പൊഴിയൂരിനെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരപ്പനങ്ങാടി ഹാർബറിന്റെ ലൊക്കേഷൻ സംബന്ധിച്ച തർക്കമുള്ളതിനാൽ മൂന്നംഗ വിദഗ്ധ സമിതിയെ ഇത് പരിശോധിച്ച് കൃത്യമായ സ്ഥല നിർണ്ണയം നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. കാസർഗോഡ് ജില്ലയിലെ അജാനൂർ ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികളും CWPRS മാതൃകാ പഠനവും നടന്നുവരുന്നു. കൂടാതെ താഴെപ്പറയുന്ന പ്രദേശങ്ങളിൽ ഫിഷിങ് ഹാർബറുകളുടെ സാദ്ധ്യതാപഠനങ്ങൾ നടന്നുവരുന്നു.<br><br>**<u>ജില്ല</u>** — **<u>നിർദ്ദിഷ്ട ഹാർബർ</u>**<br>1. തിരുവനന്തപുരം : വലിയതുറ, പൂന്തുറ, വർക്കല, ചിലക്കൂർ<br>2. കൊല്ലം : സൗത്ത് പരവൂർ<br>3. ആലപ്പുഴ : തൃക്കുന്നപ്പുഴ<br>4. തൃശ്ശൂർ : കൈപ്പമംഗലം<br>5.കൊഴിക്കോട് : കര്യാടി, കൊടിക്കൽ കടപ്പുറം<br>6. കണ്ണൂർ : പുതിയങ്ങാടി<br><br>കൊല്ലം ജില്ലയിലെ മരുത്തടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റേതുൾപ്പടെ അത്യാവശ്യമായ ലാന്റിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടയിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ ഉറമുഖങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ; | (ബി) | പ്രതീക്ഷിക്കുന്നുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്രനിലപാട് അറിയിച്ചിട്ടുണ്ടോ; | (സി) | അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിലെ കൃഷി മന്ത്രാലയത്തിന്റെ ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (FIDF), June 2017 ലെ concept paper പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ കേരളത്തിൽ 2 പുതിയ ഫിഷിംഗ് ഹാർബറുകളും 2 പുതിയ ഫിഷ്ലാന്റിംഗ് സെന്ററും വിഭാവനം ചെയ്യുന്നുണ്ട്. |
| (ഡി) | കേന്ദ്രസഹായം ലഭിച്ചില്ലെങ്കിൽ ഇതിനാവശ്യമായ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന മത്സ്യബന്ധന ഉറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ